| 13 | ചെയർമാൻ, നാഷണൽ സെൻട്രൽ സ്കൂൾ, ഏഴംകുളം | 20/933 | 4883+245+1709 = 6837<br>2020-21 മുതൽ 2023-24 വരെ | 33550 |

മേൽ പരാമർശിച്ച കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടിം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/05-12-24) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും പ വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസ ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്ര പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ചുവ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1) 2023-24 സാമ്പത്തിക വർഷം 430 സ്ഥാപനങ്ങളിൽനിന്നാണ് ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ള സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിൽ ലഭ്യമായ ഡാറ്റ പ്രകാരം പഞ്ചായത്ത് പരിധിയിൽ 711 വ്യാപാര സ്ഥാപനങ്ങൾ പ്രവ ഇതിൽ 281 സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർ വ്യക്താമാകുന്നു.

2) ലൈസൻസിനായി സമർപ്പിച്ച പല അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ ന

3) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടില്ല.

1. എ വി ജി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്
2. കല്യാൺ ജുവലേഴ്സ്, ഏനാത്ത്
3. ബദൽ ഡെന്റൽ ക്ലിനിക്
4. ഡി ഡി ആർ സി എസ്ആർഎൽ
5. ഇ- കോം എക്സ്പ്രസ്
6. ശ്രീ സായി എന്റർപ്രൈസ്
7. പ്രണവ് ഹോസ്പിറ്റൽ
8. എസ് എസ് മോട്ടോഴ്സ്, ഏനാത്ത്
9. നന്ദനം സ്പെഷ്യാലിറ്റി ക്ലിനിക്
10. മിസ്പ പോളി ഡെന്റൽ ക്ലിനിക്
11. മൈ റ്റി വി എസ് പാർട്ട്സ് മാർട്ട്

12. മുത്തൂറ്റ് മോട്ടോഴ്സ്(കൊച്ചിൻ), അടൂർ കോട്ടമുകൾ
13.ഡോ. ജ്യോത്സന ഡെന്റൽ കെയർ
14. വിജയ ടെക്സ്റ്റൈൽസ്
15. ലക്ഷ്മി എഡിബിൾ, ഏനാത്ത്
16. ഡോ.വിജയാസ് ക്ലിനിക് ആൻഡ് ലബോറട്ടറി
17. റൈനാക് ഇൻഡസ്ട്രീസ്
18. ദേവി ഏജൻസിസ്, ഏഴംകുളം
19. ഗുഡ് വിൽ ബിവറേജസ് ആൻഡ് ഫുഡ്
20. റോയൽ എൻജിനീയറിങ് എന്റർപ്രൈസസ്
21. ശ്രീ ഗണേഷ് ഫുഡ് പ്രോഡക്റ്റ്
22. എസ് ജി ഫുഡ് പ്രോഡക്റ്റ്
23. കെ ജെ സൂപ്പർമാർക്കറ്റ്
24. ദേവി ഇലക്ട്രിക്കൽ ആൻഡ് ഏജൻസിസ്
25. ദേവി ടൈൽസ് ആൻഡ് ഗ്രാനൈറ്റ്സ് ഏനാത്ത്
26. വിനായക സിൽക്ക്

4) സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര വകുപ്പ് പ്രസിദ്ധീകരിച്ച ജില്ലാതല റിപ്പോർട്ടു പ്രക
ഗ്രാമപഞ്ചായത്ത് പരിധിയിൽ 18 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു.
പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് ദേ
ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇവ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് ലൈസൻസ് എ
ലൈസൻസ് രജിസ്റ്റർ പ്രകാരം റേഷൻ റീട്ടെയിൽ ഷോപ്പുകൾ ലൈസൻസ് എടുത്ത
സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരവും ലഭ്യമ

5) 2023-24 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള
കാലികമാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ
സാധിച്ചിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് (നം.30/05.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടു ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ മൂലധന നിക്ഷേപം, ജീവനക്ക സ്ഥാപനത്തിന്റെ പേര് മുതലായ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്ത ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടയ്ക്ക് നൽകിയില്ല; പഞ്ചായത വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏഴംകുളം ഷോപ്പിംഗ് കോംപ്ലക്സിലെ പത്ത് കട നമ്പറുകളിലുള്ള കടമുറികൾ 2023-24 വർഷം വാടകയ്ക്ക് നൽകിയിട്ടില്ല. ഷട്ടറിന്റെ തകരാ കടമുറികൾ വാടകയ്ക്ക് നൽകാൻ കഴിയാതിരുന്നതെന്നും, തകരാർ പരിഹരി ഉപയോഗയോഗ്യമാക്കുന്നതിന് നടപ്പുവർഷം പദ്ധതി തയ്യാറാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വ നൽകിയിട്ടുണ്ട്. യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി മുറികൾ വാടകയ്ക്ക് നൽകാ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നു. അറ്റകുറ്റപണികൾ അടിയന്തിരമായി പൂർത്തീക വാടകയ്ക്കു നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടു ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുക ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാ വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ നിഷ്ക

2023-24-ൽ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചു കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. ശ്രീ. ഗോപിനാഥൻ പിള്ള, രഞ്ജിത് ഭവനം

2. ശ്രീ.കെ.ആർ.കൃഷ്ണകുമാർ, ബീന ഭവനം

3. ശ്രീ. സോമരാജൻ, ഗായത്രി

4. ശ്രീ. ജെയിംസ് മാത്യു, തെക്കേമുറിയിൽ

5. ശ്രീ. ഉണ്ണികൃഷ്ണൻ, ഉഷാമന്ദിരം

6. ശ്രീ.കെ .ജെ .ബിജു, കാരയ്ക്കലിൽ

7. ശ്രീ. ടിനു ജോസ്, തോപ്പിൽ ഹൗസ്

8. ശ്രീ. സതീശൻ നായർ, കാഞ്ഞിരവിളയിൽ

9. ശ്രീ. സാംസൺ സാമുവേൽ, ഡിജോ സദനം

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/30.11.2024) തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ച് കരാറുകാർക്ക് കത്ത് നൽകിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. തുടർനടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 മാട്ടിറച്ചി വിൽപ്പനാവകാശം -ലേലത്തുക പിരിച്ചെടുക്കുന്നതിൽ വീ

2023-24 സാമ്പത്തിക വർഷം ഏനാത്ത് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനു ലേലംകൊണ്ട വ്യക്തിയിൽനിന്നും ലേലത്തുക പൂർണ്ണമായി ഈടാക്കിയിട്ടില്ല. വിശദാംശ ചേർക്കുന്നു.

| | ലേലം കൊണ്ട തുക | | അടച്ച തുക | | അടയ്ക്കാൻ ബാക്കിയുള്ള തുക | |
|---|---|---|---|---|---|---|
| കരാറുകാരൻ | തുക | GST | തുക | GST | തുക | GST |
| ഷമീർ, കോട്ടയ്ക്കകത്തു വടക്കതിൽ,പോരുവഴി | 912650 | 164227 | 456325 | 82139 | 456325 | 82139 |
| ആകെ | | 1076927 | | 538464 | | 538464 |

ലേലം താത്കാലികമായി സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ ഉടൻതന്നെ ലേല തുക അടയ്ക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുമ വ്യവസ്ഥ. എന്നാൽ ലേലം സ്ഥിരപ്പെടുത്തിയ മുറയ്ക്ക് ലേലക്കാരൻ തുക ഒടുക്കിയിട്ടില്ല. സ ഹാജരാക്കിയില്ല. ലേല തുക 3 ഗഡുക്കളായി അടവാക്കുവാൻ അനുവദിക്കണമെന്ന ലേലക്കാര

പരിഗണിക്കേണ്ടതില്ലെന്നും രണ്ടു ഗഡുക്കളായി മുഴുവൻ തുകയും നികുതി സഹിതം അടc
31.03.2023-ൽ കൂടിയ പഞ്ചായത്ത് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു (തീരുമാനം നം. 1(1)
ഗഡുക്കളായി ആകെ 5,38,464 രൂപ മാത്രമേ ഓഡിറ്റ് തീയതി വരെ ഒടുക്കിയിട്ടുള്ളൂ. 5,38,464 ര
അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/30.11.2024) സെക്രട്ടറി മറുപടി ലഭ്യമാ
വ്യവസ്ഥ അനുസരിച്ച് ഒറ്റത്തവണയായി ലേലത്തുക ഈടാക്കുകയോ, അല്ലാത്തപക്ഷം
സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനുശേഷം ലേല അവകാശം സ്ഥിരപ്പെടുത്തി നൽകുകയോ
സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഈ സാഹചര്യത്തിൽ പിരിഞ്ഞ് കിട്ടാൻ അവശേ
സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ്. ലേല തുക ഈടാക്കുന്നതിന് ന
സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിലുള്ള നഷ്ടം ഉത്തരവാദിയായ സെക്രട്ട
ഈടാക്കുന്നതിന് ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>മുൻവർഷങ്ങളിലെ ഇറച്ചി ലേലം - കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു</u>**

2023-24 വാർഷിക കണക്കുകൾ പ്രകാരം 31.03.2024-ൽ 431400110 - Receivables Towards Slaughter Hou
ഹെഡിൽ 2,21,150 രൂപ കുടിശ്ശിക കാണിക്കുന്നു.

ഈ തുക ഏത് വർഷത്തെ കുടിശ്ശികയാണെന്നും ഈ തുക പിരിച്ചെടുക്കാൻ സ്വീകരിച്ച
വിശദാംശങ്ങളും ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/07.09.2024) മറുപടി ലഭ്യമാ
സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മു കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലാവധി കഴിഞ്ഞും തിരി
ഡെപ്പോസിറ്റുകൾ മൂന്ന് സമ്പൂർണ്ണ സാമ്പത്തിക വർഷങ്ങളിൽ കൂടുതൽ ക്ലെയ
തുടരുകയാണെങ്കിൽ കാലഹരണപ്പെടുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ
2018-19 മുതലുള്ള ഡെപ്പോസിറ്റുകൾ ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. ഇതിൽ നിന്നും വാട
ഒഴികെയുള്ളതും കാലാവധി കഴിഞ്ഞതുമായ ഡെപ്പോസിറ്റുകൾ പഞ്ചായത്ത്
മുതൽക്കൂട്ടേണ്ടതാണ്.

## 1-19 സംയുക്ത പദ്ധതികൾക്ക് ലഭിച്ച 22.61 ലക്ഷം രൂപ ചെലവഴിക്കപ്പെടാതിരുന്നതിനാൽ നഷ്ടമായി

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതും, വിനിയോഗിക്കാതിരുന്നതുമായ 22.62 ലക്ഷം രൂപ 31.03.2024-ൽ സർക്കാർ തിരികെ എടുത്തിട്ടുള്ളത തിരികെ എടുത്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | വിവരണം | തുക |
|---|---|---|
| 320700204 | Contibutions For Joint Venture Project (For Revenue Expenditure) – Block Panchayath | 772506 |
| 320700205 | Contibutions For Joint Venture Project (For Revenue Expenditure) – District Panchayath | 1489198 |
| | | 2261704 |

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ബാലൻസ് തുകകൾ സംബന്ധിച്ച രേഖപ്പെടുത്താത്തതിനാൽ ഏതൊക്കെ പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടുകളാണ് ഇതെന്ന് വ്യക വകുപ്പിന്റെ 30.09.2021-ലെ 86/2021 നമ്പർ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ ഫ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സമയബന്ധിതമായി ചെലവഴിക്കാത തിരികെ അതാത് വർഷം തന്നെ നിർദ്ദിഷ്ട അക്കൗണ്ട് ഹെഡ്ഡിൽ അടയ്ക്കുന്നതിനും നി ആസൂത്രണത്തിലെ പാളിച്ച കാരണം സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴി ഫണ്ട് ചെലവാകാതെ അവശേഷിക്കാനുള്ള പ്രധാന കാരണം. ഗ്രാമപഞ്ചായത്തിന് പ്രവർത്തനങ്ങൾക്ക് അനുവദിക്കപ്പെട്ട തുകയാണ് ഇത്തരത്തിൽ നഷ്ടമായിട്ടുള്ളത്. വിഷയത സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ - 2.26 കോടി രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു

വിവിധ ആവശ്യങ്ങൾക്കായി കേന്ദ്ര/സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും ഗ്രാമ നൽകിയ ഫണ്ടുകൾ യഥാസമയം ചെലവഴിക്കപ്പെട്ടിട്ടില്ല. 2.26 കോടി രൂപയാണ് ഇപ്രകാരം ഒ പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ നിലനിൽക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | ശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100139 | ആർദ്രകേരളം പുരസ്കാരം | 500000 |
| 2 | 320100160 | ലൈഫ് സംസ്ഥാന വിഹിതം | 3300000 |
| 3 | 320100192 | ഫ്ലഡ് റിലീഫ് ഗ്രാന്റ് | 15035 |
| 4 | 320100194 | ലൈബ്രറി ഗ്രാന്റ് | 419 |
| 5 | 320100196 | ഐ.സി.ഡി.എസ്സ് | 3989368 |
| 6 | 320100198 | ശുചിത്വ മിഷൻ ഫണ്ട് | 3372997 |
| 7 | 320100202 | ഹെൽത്ത് ഗ്രാന്റ്-ഇൻഫ്രാസ്ട്രക്ചർ | 914855 |
| 8 | 320100204 | ഹെൽത്ത് ഗ്രാന്റ്-വെൽനസ്സ് സെന്റർ | 393636 |
| 9 | 320200305 | കുടിവെള്ള പദ്ധതി | 46633 |
| 10 | 320200104 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 1909473 |
| 11 | 320200113 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 8181934 |
| | | ആകെ | 22624350 |

പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലമായി നിലനിൽക്കുന്ന ഗ്രാന്റ് തുകകൾ നിർദ്ദിഷ്ട ചെലവഴിക്കാതിരുന്നതു ധനവിനിയോഗത്തിലെ വീഴ്ചയായി വിലയിരുത്താവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇതു സംബന്ധിച്ച കണക്കുകൾ പ്രതിമാസം അവലോകനം ചെ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ലഭ്യമായ ഫണ്ട് യഥാസമയം ചെലവഴിക്കുന്നതിൽ പുലർത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-21 വിവിധ ഏജൻസികളിൽ നിക്ഷേപമായി തുടരുന്നത് 3.21 കോടി രൂപ

പഞ്ചായത്തിൽ 3.21 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ശേഷിക്ക ധനകാര്യ പത്രിക പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ളതും അവശേഷിക്കുന്നതുമായ മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | തുക |
|---|---|
| കേരള വാട്ടർ അതോറിറ്റി | 14216636 |
| കെ.എസ്.ഇ.ബി. | 17324288 |
| ഭൂജല വകുപ്പ് | 15500 |
| പൊതുമരാമത്ത് വകുപ്പ് | 580000 |
| ആകെ | 32136424 |

പൂർത്തീകരിക്കാൻ ശേഷിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനും, ഡെപ്പോസ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് ന എൻക്വയറിയ്ക്ക് (നം.27/04.12.2024) മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികളുടെ ര സൂക്ഷിക്കാത്തതിനാലും ലെഡ്ജറുകളിൽ ഇത് സംബന്ധിച്ച് കൃത്യമായ വിവരണം രേഖപ്പെടുത ക്രമീകരിക്കാൻ ശേഷിക്കുന്ന തുകകളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. സ്ഥ പ്രവൃത്തികളുടെ നിർവ്വഹണം പ്രത്യേകമായി അവലോകനം നടത്തുന്നുമില്ല. വികസന പ്ര സമയബന്ധിതമായും കാര്യക്ഷമതയോടെയും സുതാര്യതയോടെയും നിർവ്വഹിക്കുന്നതിന് അനിവാര്യമാണ്. നിക്ഷേപ പ്രവൃത്തികളുടെ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം നിരീക്ഷിക്കേണ്ടതുമാണ്.

## 1-22 പലിശ രഹിത അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് 1.46 കേ

വസ്തു നികുതി ഓൺലൈനായി അടവാക്കുന്നതിനുള്ള എസ്.ബി.ഐ. പറക്കോട് ശാഖയിലെ അക്കൗണ്ടിൽ (അക്കൗണ്ട് നം.6761606536) 31.03.2024 തീയതിയിൽ 14693794 രൂപ നീക്കിയിരിപ്പുണ്ട്. വായ്പാത്തുക, ലൈഫ് - സംസ്ഥാന വിഹിതം എന്നിവ നിക്ഷേപിച്ചിരുന്നതും ഈ അക്കൗണ്ടില നീക്കിയിരിപ്പ് (ലോൺ തുക – 1820000 + ലൈഫ് - സംസ്ഥാന വിഹിതം - 3300000) കിഴിച്ചുള്ള 9573794 നികുതി ഇനത്തിലുള്ളത്. പ്രസ്തുത അക്കൗണ്ട് പലിശ രഹിത അക്കൗണ്ട് ആയതിനാൽ പലിശ ഇന നഷ്ടം ഉണ്ടാകുന്നു. അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന വസ്തു നികുതി തുക കൃത്യമായ

പഞ്ചായത്തിന്റെ തനതുഫണ്ട് നിക്ഷേപിക്കുന്ന കേരള ബാങ്ക് അക്കൗണ്ടിലേക്കോ ട്രഷറി അക്കൗണ്ടിലേക്കോ മാറ്റി നിക്ഷേപിച്ച് പലിശനഷ്ടം ഒഴിവാക്കേണ്ടതാണ്. ഹഡ്കോ ഭവന വായ്പാ സംസ്ഥാന വിഹിതം ഇവ പ്രത്യേക അക്കൗണ്ട് തുടങ്ങി ആയതിലേക്ക് മാറ്റി നിക്ഷേപി തുടർനടപടികൾക്കായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടേയും പഞ്ചായത്ത് ഭരണസമിതിം ക്ഷണിക്കുന്നു.

## 1-23 ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചെക്ക് പ്രകാരമുള്ള ര പണമാക്കിയതിന്റെ വിവരം ലഭ്യമല്ല

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം സെക്രട്ടറി, നെടുമൺ സർവ്വീസ് സഹകം പേരിൽ വാടകയിനത്തിൽ ചുവടെ ചേർക്കും പ്രകാരം ചെക്ക് ലഭിച്ചിട്ടിട്ടുണ്ട്.

| ചെക്ക് നം/തീയതി | തുക |
|---|---|
| 100478/05.12.2023 | 21014 |

എന്നാൽ തുക ക്രഡിറ്റായ തീയതിയോ വിശദാംശങ്ങളോ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ബാ എന്നിവയിൽ ലഭ്യമല്ല. റിക്കൺസിലിയേഷനിൽ പ്രസ്തുത തുക ഉൾപ്പെട്ടിട്ടുമില്ല. ഇത് സംബ എൻക്വയറി (നം.29/04.12.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെക്ക് പണമാക്കി പഞ്ചാ വരവ് ചേർത്തതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ്(പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) ( കഴിഞ്ഞ് മൂന്നു ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗ സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണ ചേർക്കുന്നു.

| ക്രമ നം | യോഗ നം. | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി | അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത |
|---|---|---|---|---|

| | | | അയച്ച തീയതി | തീയതി |
|---|---|---|---|---|
| 1. | 14/23 | 04/04/2023 | 29/04/2023 | 29/04/2023 |
| 2. | 18/23 | 11/05/2023 | 01/07/2023 | 01/07/2023 |
| 3. | 21/23 | 05/06/2023 | 24/06/2023 | 26/06/2023 |
| 4. | 26/23 | 24/07/2023 | 17/08/2023 | 17/08/2023 |
| 5. | 28/23 | 07/08/2023 | 17/08/2023 | 17/08/2023 |
| 6. | 31/23 | 15/09/23 | 07/10/23 | 07/10/23 |
| 7. | 33/23 | 09/10/2023 | 16/11/23 | 18/11/23 |
| 8. | 36/23 | 29/11/2023 | 05/01/24 | 05/01/24 |
| 9. | 39/23 | 28/12/2023 | 24/02/2024 | 24/02/2024 |
| 10. | 01/24 | 22/01/2024 | 18/05/2024 | 18/05/2024 |
| 11. | 03/24 | 08/02/24 | 12/03/2024 | 12/03/2024 |
| 12. | 07/24 | 11/03/2024 | 27/06/2024 | 27/06/2024 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/30.11.24) ച
പ്രകാരം മറുപടിയിൽ മിനിറ്റ്സ് തയ്യാറാക്കുമ്പോൾ പലപ്പോഴും അനുബന്ധ രേഖകളും മറ്റു
വിശദമായി തയ്യാറാക്കേണ്ടതായി വരുന്നതിനാലും, പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടു
ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ടുമുള്ള മിനിറ്റ്സ് പൂർത്തീകരിക്കുന്നതിന് കൂടുതൽ
വന്നതിനാലും, കൂടാതെ സകർമ്മ സോഫ്റ്റ്‌വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലവും സമ
മിനിറ്റ്സ് തയ്യാറാക്കുന്നതിന് തടസ്സം നേരിട്ടതായി അറിയിച്ചു. മിനിറ്റ്സ് സമ
തയ്യാറാക്കുന്നതിനും, നിശ്ചിത സമയത്തിനകം തന്നെ പ്രസിഡന്റിന്റെ അംഗ
സമർപ്പിക്കുന്നതിനും ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. വിഷയത്തിലേക്കു ഭര
ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1-25 പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഡിമാന്റിൽ ന</u> <u>ചെയ്തിട്ടില്ല</u>

461 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 2023-24 സാമ്പത്തിക വർഷം 26,68,272 രൂപ
നിന്നും വാട്ടർ അതോറിറ്റിയ്ക്കു നൽകിയിട്ടുണ്ട്. 02/2023 വരെ, ഒരു ടാപ്പിനു പ്രതിവർഷം 5788 രൂ
ടാപ്പുകൾക്ക് പ്രതിമാസം 222356 രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിരുന്നത്. 03/2023 മുത

പ്രതിവർഷം 14559 രൂപയായി നിരക്കു വർദ്ധിപ്പിച്ച് 461 ടാപ്പുകൾക്ക് പ്രതിമാസം 559308 രൂപ ഡിമാ
2023-24 സാമ്പത്തിക വർഷം വാട്ടർ ചാർജ്ജ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഡിമാന്റ് നോട്ടീസ് നം./ തീയതി | മുൻമാസം കുടിശ്ശിക | ഫൈൻ | തന്മാസ ഡിമാന്റ് | ആകെ | ഒടുക്കിയ തുക | ചെക്ക് നം./ തീയതി |
|---|---|---|---|---|---|---|---|
| 1. | 73234/ 11/04/23 | 1350768 | 26625 | 559308 | 1936701 | 222356 | 6928385/28.04.202 |
| 2. | 73629/03/05/2023 | 1714345 | 33754 | 559308 | 2307407 | 222356 | 6928390/09.05.202 |
| 3. | 74581/06.06.23 | 2085051 | 41026 | 559308 | 2685385 | 222356 | 6928396/13.06.202 |
| 4. | 75592/06.07.2023 | 2463029 | 48440 | 559308 | 3070777 | 222356 | 581/21.07.2023 |
| 5. | 76351/04.08.2023 | 2848421 | 56000 | 559308 | 3463729 | 222356 | 6265608/19.08.202 |
| 6. | 77348/07.09.2023 | 3241373 | 63707 | 559308 | 3864388 | 222356 | 1047/23.09.2023 |
| 7. | 78636/11.10.2023 | 3642032 | 71567 | 559308 | 4272907 | 222356 | 6265618/29.10.202 |
| 8. | 79189/06.11.2023 | 4050551 | 79580 | 559308 | 4689439 | 222356 | 6265625/28.11.202 |
| 9. | 80112/05.12.2023 | 4467083 | 87750 | 559308 | 5114141 | 222356 | 6265631/ 15.12.2023 |
| 10. | 80890/04.01.2024 | 4891785 | 96081 | 559308 | 5547174 | 222356 | 6265643/29.01.202 |
| 11. | 82020/06.02.2024 | 5324818 | 104575 | 559308 | 5988701 | 222356 | 6265647/12.02.202 |
| 12. | 83039/07.03.2024 | 5766345 | 113235 | 559308 | 6438888 | 222356 | 6265654/22.03.202 |
| | **ആകെ** | **41845601** | **822340** | **6711696** | **49379637** | **2668272** | |

വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത തുകയേക്കാൾ കുറവാണ് പഞ്ചായത്ത് 2023-24 സാമ്പത്തിക വ
വാട്ടർ ചാർജ്ജ് ഇനത്തിൽ അടവാക്കിയിട്ടുള്ളത്. കുടിശ്ശിക തുക അടവാക്കിയിട്ടുമില്ല. 15/03/
തീരുമാന പ്രകാരം, വെള്ളക്കരത്തിന്റെ മാർച്ച് മാസത്തെ ഡിമാന്റ് ഫെബ്രുവരി
കൂടുതലായതിനാൽ മുൻ മാസങ്ങളിൽ ഒടുക്കുവരുത്തിയ പ്രകാരം കരം ഒടുക്കുന്നതിനും, വ
സംയുക്ത പരിശോധനയ്ക്ക് ശേഷം പരിഗണിക്കുന്നതിനും തീരുമാനിച്ചു. തുടർന്ന് 13.06.24-ൽ ല
വേരിഫിക്കേഷൻ റിപ്പോർട്ട് പ്രകാരം, ആകെ 472 പൊതു ടാപ്പുകൾ ഉള്ളതായും, ഇതിൽ 201
നിർത്തി 271 എണ്ണം റദ്ദു ചെയ്യുന്നതിനു 310000 രൂപ ഒടുക്കു വരുത്തുന്നതിനും വാട്ടർ അതോ
നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 28.06.24-ലെ പഞ്ചായത്ത് കമ്മിറ്റി ചുവടെ ചേ
തീരുമാനം എടുത്തു. " 2011 നവംബറിൽ നടത്തിയ സംയുക്ത പരിശോധനയിൽ പ്രവർത്തനക

ടാപ്പുകൾ 416 എണ്ണമെന്ന് നിജപ്പെടുത്തുകയും ചെയ്തിരുന്നുവെങ്കിലും 06/2023 വരെ 441 ടാപ്പുകളു അതോറിറ്റി ഡിമാന്റ് ചെയ്തുകൊണ്ടിരുന്നു. പ്രവർത്തനമില്ലാത്ത 25 ടാപ്പുകളുടെ വെള്ളക്കര ഗ്രാമപഞ്ചായത്ത് അധികമായി 138541 രൂപ ഒടുക്കുവരുത്തിയിരുന്നു. ഈ തുക നാളിതുവരെയ വാട്ടർ അതോറിറ്റി ക്രമീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ളതാണ്. ആയതുകെ പ്രവർത്തനക്ഷമമല്ലാത്ത 271 പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയിൽ (33 തുക കുറവ് ചെയ്തതിന് ശേഷമുള്ള തുക (171459 രൂപ) ഒടുക്കുവരുത്തുന്നതിന് സെക്രട്ടറിയെ ച തീരുമാനിച്ചു". തീരുമാനത്തിൽ, 06/23 വരെയുള്ള കാലയളവ് എന്നു തെറ്റായി രേഖപ്പെടുത്തിയിര റിപ്പോർട്ട് പ്രകാരം 06/2013 വരെയുള്ള കാലയളവിലാണ് അധികം തുക നൽകിയിട്ടുള്ളത്.

കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 25 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത അടവാക്കിയ തുക ബില്ലുകളിൽ ക്രമീകരിക്കുന്നതിനും, 08/2024-ലെ കുടിശ്ശിക തുകയായ 90 വിശദാംശം ആവശ്യപ്പെട്ടുകൊണ്ടും 03.09.24-ൽ വാട്ടർ അതോറിറ്റിയ്ക്കു കത്തു നൽകിയിട്ടുണ്ട് ഫീസ് അടവാക്കിയിട്ടില്ല. ഡിസ്കണക്ഷൻ ഫീസ് യഥാസമയം അടവാക്കാതിരിക്കുന്നത് പ്രവർത്ത ടാപ്പുകൾക്കും വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്യപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതാണ്. വാട്ടർ അ ൽ നൽകിയ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 271 ടാപ്പുകളുടെ ഡിസ്കണക്ഷൻ ഫീസ് 45 വർദ്ധിച്ചിട്ടുമുണ്ട്. ഡിസ്കണക്ഷൻ ഫീസ് ഒടുക്കു വരുത്തി പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക ഡിമാന്റ് ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതും, അധികമായി ഒടുക്കുവര ക്രമീകരിക്കുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 തെരുവ് വിളക്കുകളുടെ പരിപാലനം - മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്ക

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് രജിസ്റ്ററുക തയ്യാറാക്കുന്നതിലും, പദ്ധതി പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതി പൂർത്തീകരിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

### 1) തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് ന രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർ 17.08.2015-ലെ ജി-2- സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വി വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ

അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/29.11.2024) മറുപടിയായി തെരുവ് വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാ അറിയിച്ചിട്ടുണ്ട്.

**2) 2023-24 സാമ്പത്തിക വർഷം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത**

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് പരിപാലനം (പദ്ധതി നമ്പർ 07/24) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമാ സപ്ലൈ ചെയ്യതിന് യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. എന്ന സ്ഥാപനത്ത നൽകിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 15 വാട്ട് എൽ.ഇ.ഡി ബൾബ് | 2000 |
| ഹോൾഡർ | 2000 |
| ഹോൾഡർ ഷേഡ് | 1000 |
| അലുമിനിയം കോയിൽ വയർ, | 20 |
| ഇൻസുലേഷൻ ടേപ്പ് | 200 |

ഇപ്രകാരം വാങ്ങിയ തെരുവ് വിളക്ക് സാമഗ്രികളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വി എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിലെടുക്കാതിരുന്നതിന് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് (നം.12/29.11.24). സെക്ഷൻ ക്ലർക്ക് സ്ഥലം മാറിപ്പോയതിനാൽ വാങ്ങിയ ഉപകരണങ്ങൾ രജിസ്റ്റ വിട്ടുപോയതാണെന്നും. തുടർന്നുള്ള വാങ്ങലുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി നൽകി.

**3) വെളിച്ചം പദ്ധതി – മോണിട്ടറിംഗ് ഇല്ല**

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് നിയമിച്ചി ഇലക്ട്രീഷ്യൻ എന്നിവരുടെ വേതനം നൽകുന്നതിന് വെളിച്ചം പദ്ധതിയിലുൾപ്പെടുത്തി തനതു 427825 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കരാർ ജീവനക്കാരെ നിയമിച്ചതു സംബ

പരിശോധനയ്ക്കു ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടർ 17.08.2015-ലെ ജി-2-44274/2015 നമ്പർ പ്രകാരം, വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനും, ഭരണസമിതിയിലെ അംഗങ്ങൾ, അസി. സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളുമായുള്ള മോണിട്ടറിംഗ് രൂപീകരിക്കേണ്ടതും, സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കമ്മിറ്റി, തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വില ചെയ്യേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള മോണിട്ടറിംഗ് നടന്നതിന് രേഖകൾ ലഭ്യമല്ല.

**4) തെരുവു വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല**

തെരുവു വിളക്കുകളുടെ മീറ്ററിംഗ് പൂർത്തീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാ പ്രകാരം, 1146112000394 എന്ന കൺസ്യൂമർ നമ്പറിലെ തെരുവ് വിളക്കുകൾ നിലവിൽ അൺമീ രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്ററിംഗ് ഏർപ്പെടുത്തി അനുസൃതമായി മാത്രം വൈദ്യുത ചാർജ് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

മേൽ വിഷയങ്ങളിലേക്കു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 നിഷ്ക്രീയ ആസ്തികളായി മാറിയ കുടിവെള്ള പദ്ധതികൾ

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളെ പുനരുജ്ജീ ലക്ഷ്യമിട്ടുകൊണ്ട് 2023-24-ൽ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. മു ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മിച്ച ചുവടെ ചേർക്കുന്ന കുടിവെള്ള പുനരുദ്ധാരണത്തിനായിരുന്നു പദ്ധതികൾ ആവിഷ്കരിച്ചിരുന്നത്.

| ക്രമ നം. | പദ്ധതിയുടെ പേര് | സ്ഥാപിച്ച വർഷം | ചെലവഴിച്ച തുക |
|---|---|---|---|
| 1. | തടവിള കുടിവെള്ള പദ്ധതി | 2010-11 | 13.2 ലക്ഷം |
| 2. | വെള്ളപ്പാറ മുരുപ്പ് കുടിവെള്ളപദ്ധതി | 2010-11 | 6.4 ലക്ഷം |

**1) തടവിളപ്പടി കുടിവെള്ള പദ്ധതി**

2010-11 വർഷമാണ് പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചത്. പദ്ധതി കമ്മീഷൻ ചെ പൈപ്പ് ലൈനിൽ ചോർച്ചയുണ്ടായതിനെ തുടർന്ന് പദ്ധതി പ്രവർത്തനരഹിതമാവുകയാണു

വാട്ടർ അതോറിറ്റിയുടെ പൈപ്പിൽകൂടി എത്തുന്ന വെള്ളം 5000 ലിറ്റർ വീതം സംഭരണ ശേഷിയ ടാങ്കുകളിൽ ശേഖരിക്കുന്നതിനും ഉയർന്ന പ്രദേശമായ കോളനിയിലേക്ക് പൈപ്പ് ലൈൻ മു കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടത്. എന്നാൽ പൈപ്പ് ലൈ പരിഹരിക്കാതിരുന്നതുമൂലം പ്രദേശവാസികൾക്ക് ഈ പദ്ധതികൊണ്ട് പ്രയോജനം ഉണ്ടായില്ല. കാണാഞ്ഞതിനാൽ ചെലവഴിച്ച 13.2 ലക്ഷം രൂപ പാഴായി.

**2) വെള്ളപ്പാറ മുരുപ്പ് കുടിവെള്ള പദ്ധതി**

2008-09 വർഷം ആരംഭിച്ച് 2011-ൽ പണി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതിയ്ക്ക് 6.4 ലം പഞ്ചായത്ത് ചെലവഴിച്ചിട്ടുള്ളത്. ഈ പദ്ധതിയും നിലവിൽ പ്രവർത്തനക്ഷമമല്ല. പദ്ധതി പുനരു തൻവർഷം 50000 രൂപ വകയിരുത്തിയെങ്കിലും ചെലവഴിച്ചിട്ടില്ല. മുൻപ് പഞ്ചായത്ത് സ്ഥാപിച്ച പ്രവർത്തനക്ഷമമല്ലാതെ വന്നതിനാൽ പദ്ധതി മുടങ്ങിക്കിടക്കുകയാണെന്നും നടപ്പുവർ പരിഹരിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. പദ്ധതിയുമായി ബ സ്രോതസ്സിനെയാണ് പ്രദേശവാസികൾ ഇപ്പോഴും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത്.

പൊതു ഖജനാവിൽനിന്നും ഗണ്യമായ പണം ചെലവഴിച്ച് സ്ഥാപിച്ച കുടിവെള്ള പദ്ധതിക ഉപയോഗപ്പെടുത്തുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടായി. നിലവിൽ പഞ്ചായ ജലജീവൻമിഷന്റെ ഭാഗമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള ( നടന്നു വരികയാണ്. ഈ സാഹചര്യത്തിൽ മേൽ പറഞ്ഞ കുടിവെള്ള പദ്ധതികൾ പുനരുദ്ധര് ആവശ്യകത സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതും പദ്ധതികൾ നിലനിർത്തേണ്ടത് അന് കാണുന്ന പക്ഷം ഇവയുടെ പുനരുദ്ധാരണത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-28 പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ അടിസ്ഥാന ( അവലോകനം

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 7 സ്കൂളുകളുണ്ട്. സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങ ഓഡിറ്റിനു ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂളുകളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമാണ്. GWLPS ഇളംഗമംഗലത്തിനു ചുറ്റുമതിര വിഭാഗത്തിന് ആവശ്യമായ ക്ലാസ് മുറി എന്നിവയില്ല. അടുക്കള ശോചനീയാവസ്ഥയിലാണ്. GUPS ചുറ്റുമതിൽ ഒരു ഭാഗത്ത് പൊളിഞ്ഞു കിടക്കുകയാണ്. GLPS ഏഴംകുളം, GSVLPS ഏനാത്ത് എ

ക്ലാസ് മുറികളുടെ കുറവുണ്ട്. GWLPS ഇളംഗമംഗലം, GLPS ഇളംഗമംഗലം, GSVLPS ഏനാത്ത്, എന്നിവടങ്ങളിൽ സ്മാർട്ട് ക്ലാസ് റൂമുകളില്ല. പാചകപ്പാത്രങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവയുടെ ( ചില സ്കൂളുകളിലുണ്ട്. അടുക്കളയോട് അനുബന്ധമായ സംഭരണമുറിയുടെ കുറവ് പല സ്കൂളുകളി

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ (സർക്കാർ ഉത്തരവ് (കൈ) നം.84/22 ത ഖണ്ഡിക നം.8.6-ൽ ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

1. ഗ്രാമപ്പഞ്ചായത്തിന്റെ സ്കൂളുകളിൽ ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി അടുക്കള, സംഭര ഏർപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകേണ്ടതാണ്.

2. എല്ലാ സ്കൂളുകളിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി അടുക്കള, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനും ഉയർ നൽകേണ്ടതാണ്.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്ക സ്വീകരിക്കേണ്ടതാണ്. വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യം, അദ്ധ്യയന-അനുബന്ധ പ ശക്തിപ്പെടുത്തുന്നതിന് ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സജീ ഉണ്ടാകേണ്ടതാണ്.

## 1-29 മുൻകൂർ തുക നൽകി; മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് വിവിധ പദ്ധതികൾ പ്രകാരം മരുന്നു കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ നൽകിയ തുകയിൽ 11 മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഫണ്ടിനം | മുൻകൂർ നൽകിയ തുക | ലഭിക്കാനുള്ള മരുന്ന് (തുക) |
|---|---|---|---|
| 31/24 – പാലിയേറ്റീവ് കെയർ മരുന്നുകൾ | ജില്ലാപഞ്ചായത്ത് ഫണ്ട് | 499990 | 192422 |
| 28/24 കാരുണ്യഗ്രാമം 60 വയസിൽ താഴെ | വികസനഫണ്ട് | 1100000 | 984366 |